**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 125** **05-12-2022 - ൽ മറുപടിയ്ക്ക്**

**ജനകീയ സമരങ്ങൾക്കെതിരെ സ്വീകരിക്കുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ജനകീയ സമരങ്ങളെ പോലീസ് നിഷ്ഠുരണം നേരിടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സമാധാനപരമായി പ്രതിഷേധങ്ങൾ സംഘടിപ്പിക്കുന്നതിനെതിരെ ഒരു തരത്തിലുള്ള പോലീസ് നടപടിയും സ്വീകരിക്കാറില്ല. നിയമലംഘനങ്ങളും അക്രമസംഭവങ്ങളും ഉണ്ടായാൽ പോലീസ് നിയമാനുസരണം നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | സിൽവർ ലൈൻ വിരുദ്ധ പ്രക്ഷോഭത്തിലും വിഴിഞ്ഞം സമരത്തിലും ആവിക്കൽ, കോതി എന്നിവിടങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനെതിരെ നടക്കുന്ന പ്രക്ഷോഭത്തിലും സാധാരണക്കാരായ ജനങ്ങളെ പോലീസ് അതിക്രൂരമായി നേരിട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മേൽപ്പറഞ്ഞ രീതികളിൽ ജനങ്ങളെ നേരിട്ടതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (ബി) | സിൽവർ ലൈൻ വിരുദ്ധ പ്രക്ഷോഭത്തിലും വിഴിഞ്ഞം സമരത്തിലും, ആവിക്കൽ, കോതി എന്നിവിടങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനെതിരെ നടക്കുന്ന പ്രക്ഷോഭങ്ങളിലും സാധാരണക്കാരായ ജനങ്ങളെ പോലീസ് അതിക്രൂരമായി നേരിട്ടതായുള്ള ആക്ഷേപം വാസ്തവവിരുദ്ധമാണ്.എന്നാൽ മേൽ സമരങ്ങളിൽ ചില സന്ദർഭത്തിൽ അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ക്രമസമാധാന പ്രശ്നങ്ങളും അനിഷ്ട സംഭവങ്ങളും ഒഴിവാക്കുവാൻ പോലീസ് ശ്രമിച്ചിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത ജനകീയ പ്രക്ഷോഭങ്ങളിൽ പങ്കെടുത്ത വ്യക്തികൾക്കെതിരെ ചുമത്തിയ കേസുകൾ പിൻവലിക്കുവാൻ സർക്കാർ തയ്യാറാകുമോ; വിശദാംശം നൽകുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ